ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 6.30 PM** **DATE:14.01.2025**

## പ്രധാനവാർത്തകൾ

1. പൊന്നമ്പലമേട്ടിൽ മകരജ്യോതി തെളിയാൻ നിമിഷങ്ങൾ മാത്രം. ശബരിമല സന്നിധാനം ശരണ മന്ത്രങ്ങളാൽ മുഖരിതം.

2. ഗുണനിലവാരമുള്ള ഉന്നത വിദ്യാഭ്യാസം എല്ലാവർക്കും പ്രാപ്തമാക്കുക ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

3. മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടലിൽ കാണാതായവരെ മരണപ്പെട്ടവരായി കണക്കാക്കാൻ സർക്കാർ തീരുമാനം

4. ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ അത്യാധുനിക മൈക്രോ ബയോളജി ലാബ് മന്ത്രി വീണാ ജോർജ്ജ് നാളെ ഉദ്ഘാടനം ചെയ്യും.

5. ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ്- ഗോവയെ നേരിടും.

RNU TVPM

$$$$$$$$$$$$$$$$$$$$$$$$$$$$$$$

### മകരവിളക്ക് (ഇൻട്രോ)

പൊന്നമ്പലമേട്ടിൽ മകരജ്യോതി തെളിയാൻ നിമിഷങ്ങൾ മാത്രം. ശബരിമല സന്നിധാനവും പരിസര പ്രദേശങ്ങളും ശരണം വിളികളാൽ മുഖരിതമാണ്. മകരവിളക്ക് ദർശന സുകൃതം നേടാൻ കാത്തിരിക്കുക യാണ് തീർഥാടക ലക്ഷങ്ങൾ.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട പ്രതിനിധി ശ്രീജി എസ് ശ്രീധർ

(വോയ്സ്)

$$$$$$$$$$$$$$$$$$$$$$$$$$$$$$$

## മുഖ്യമന്ത്രി- കോൺക്ലേവ് (ഇൻട്രോ)

ഗുണനിലവാരമുള്ള ഉന്നത വിദ്യാഭ്യാസം എല്ലാവർക്കും പ്രാപ്യമാക്കുകയും, വ്യത്യസ്ത പഠന വെല്ലുവിളികൾ നേരിടുന്ന പഠിതാക്കളെ ഉൾക്കൊള്ളുകയും ചെയ്യുകയാണ് സർക്കാർ വിഭാവനം ചെയ്യുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. എറണാകുളം കുസാറ്റിൽ തുടങ്ങിയ ദ്വിദിന രാജ്യാന്തര ഉന്നത വിദ്യാഭ്യാസ കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സാമ്പത്തിക വെല്ലുവിളികൾ നേരിടുന്നുണ്ടെങ്കിലും, ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കായി നീക്കി വച്ചിരിക്കുന്ന ഫണ്ടുകളെ അത് ബാധിക്കാത്ത വിധമാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

**(ഹോൾഡ് വോയിസ് - മുഖ്യമന്ത്രി)**

സ്വദേശ വിദ്യാർഥികൾക്കൊപ്പം വിദേശ വിദ്യാർത്ഥികളെയും മികച്ച സൗകര്യങ്ങളും കോഴ്സുകളും നൽകി ഇവിടേക്ക് ആകർഷിക്കാൻ ലക്ഷ്യമിടുന്നുവെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

RNUTVPM

$$$$$$$$$$$$$$$$$$$$$$$$$$$$$$$

## വയനാട് - ദുരിതാശ്വാസം

വയനാട് മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടലിൽ കാണാതായവരെ മരണപ്പെട്ടവരായി കണക്കാക്കി അടുത്ത ബന്ധുക്കൾക്ക് ധനസഹായം നൽകാൻ തീരുമാനം. ഇതിനായി 2 സമിതികൾ രൂപീകരിച്ചു. പ്രാദേശിക തല സമിതി, സംസ്ഥാന തലസമിതി എന്നിങ്ങനെയാണ് സമിതികൾ രൂപീകരിച്ചിട്ടുള്ളത്. ആദ്യ പട്ടിക പ്രാദേശിക സമിതിയും അന്തിമ പട്ടികസംസ്ഥാനതല സമിതിയും തയ്യാറാക്കും.

$$$$$$$$$$$$$$$$$$$$$$$$$$$$$$$

## നിയമസഭാ സമ്മേളനം

15-ാം കേരള നിയമസഭയുടെ 13-ാം സമ്മേളനത്തിന് വെള്ളിയാഴ്ച തുടക്കമാകും. ഗവർണറുടെ നയ പ്രഖ്യാപനത്തോടെ യായിരിക്കും തുടക്കം. സമ്മേളനത്തിൻറെ ആദ്യ ഘട്ടം ഈ മാസം 23 ന് സമാപിക്കും. സമ്മേളനം സംബന്ധിച്ച കാര്യങ്ങൾ വിശദീകരിക്കാൻ സ്പീക്കർ എ.എൻ ഷംസീർ നാളെ വാർത്താ സമ്മേളനം വിളിച്ചു ചേർത്തിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$$$$$$$$$$$

## മൈക്രോബയോളജി ലാബ്

സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പ് തിരുവനന്തപുരത്ത് സജ്ജമാക്കിയ മൈക്രോബയോളജി ലാബ് നാളെ മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും. ഗവ. അനലിസ്റ്റ്സ് ലബോറട്ടറി യിലാണ് ആധുനിക സൗകര്യങ്ങളോട് കൂടിയ മൈക്രോബയോളജി ലാബ് സജ്ജീകരിച്ചിരിക്കുന്നത്. സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിലെ മൂന്നാമത്തെ മൈക്രോബയോളജി ലാബാണ് സജ്ജമായതെന്ന് ആരോഗ്യമന്ത്രി വ്യക്തമാക്കി. എറണാകുളം, കോഴിക്കോട് ജില്ലകളിലെ റീജിയണൽ അനലിറ്റിക്കൽ ലാബു കളിലെ മൈക്രോബയോളജി ലാബുകൾക്ക് പുറമേയാണ് തിരുവനന്തപുരത്തും ലാബ് സജ്ജമാക്കിയത്.

RNU TVPM

$$$$$$$$$$$$$$$$$$$$$$$$$$$$$$$

## പുരസ്കാരം

2023 ലെ സംസ്ഥാനത്തെ ഏറ്റവും മികച്ച പോലീസ് സ്റ്റേഷനുള്ള മുഖ്യമന്ത്രിയുടെ പുരസ്കാരം കണ്ണൂർ സിറ്റിയിലെ തലശ്ശേരി പോലീസ് സ്റ്റേഷന്. രണ്ടാം സ്ഥാനം കൊച്ചി സിറ്റിയിലെ മട്ടാഞ്ചേരി പോലീസ് സ്റ്റേഷനും മൂന്നാം സ്ഥാനം ആലപ്പുഴയിലെ പുന്നപ്ര പോലീസ് സ്റ്റേഷനും പാലക്കാട് ടൗൺ നോർത്ത് പോലീസ് സ്റ്റേഷനും പങ്കിട്ടു. ക്രമസമാധാന വിഭാഗം എ.ഡി.ജി.പിയുടെ അധ്യക്ഷതയിലുള്ള സ്ക്രീനിംഗ് കമ്മിറ്റിയാണ് തെരഞ്ഞെടുപ്പ് നടത്തിയത്.

$$$$$$$$$$$$$$$$$$$$$$$$$$$$$$$

## പത്തനംതിട്ട പീഡനം

പത്തനംതിട്ടയിൽ വിദ്യാർഥിനിയെ നിരന്തര ലൈംഗിക പീഡനത്തിനിരയാക്കിയ സംഭവത്തിൽ ഇന്ന് രണ്ട് അറസ്റ്റുകൂടി. ഇതുവരെ 29 കേസുകളായി 44 പ്രതികളാണ് അറസ്റ്റിലായത്. നിലവിൽ ഇലവുംതിട്ട, പത്തനംതിട്ട, പന്തളം, മലയാലപ്പുഴ എന്നീ പൊലീസ് സ്റ്റേഷനുകളിലായാണ് കേസുകളുള്ളത്.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## ബോബി ചെമ്മണൂർ

അഭിനേത്രി ഹണി റോസിനെ അധിക്ഷേപിച്ചെന്ന കേസിൽ വ്യവസായി ബോബി ചെമ്മണ്ണൂരിന് ഹൈക്കോടതി ജാമ്യം അനുവദിച്ചു. ബോബി ചെമ്മണ്ണൂരിന്റെ പരാമർശത്തിൽ ദ്വയാർത്ഥം ഇല്ല എന്ന് പറയാനാകില്ലെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. ഉപാധികളോടെയാണ് ജാമ്യം അനുവദിച്ചിരിക്കുന്നത്.

PNU TVPM

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## എഴുത്തച്ഛൻ പുരസ്കാരം

2024ലെ എഴുത്തച്ഛൻ പുരസ്കാരം എൻ.എസ്. മാധവന് മുഖ്യമന്ത്രി പിണറായി വിജയൻ മറ്റന്നാൾ തിരുവനന്തപുരത്ത് സമ്മാനിക്കും. പരിപാടിയിൽ സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിക്കും.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## ഐഎസ്എൽ

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിൽ ഇന്ന്, നോർത്ത് ഈസ്റ്റ് യുണൈറ്റഡ് എഫ്.സി , എഫ്.സി ഗോവയെ നേരിടും. ഗുവാഹത്തി ഇന്ദിര ഗാന്ധി അത്‌ലറ്റിക് സ്റ്റേഡിയത്തിൽ രാത്രി 07.30 നാണ് മത്സരം .

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## സെൻസെക്സ്

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 169 പോയിൻറ് ഉയർന്ന് 76,499 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 90 പോയിൻറ് നേട്ടത്തിൽ 23,176 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ വില കുറഞ്ഞു. ഗ്രാമിന് 10 രൂപ കുറഞ്ഞ് 7,330 രൂപയും പവന് 80 രൂപ കുറഞ്ഞ് 58,640 രൂപയുമായി.

$$$$$$$$$$$$$$$$$$$$$$$$$$$$$$$

## ബിനിൽ - മരണം

റഷ്യൻ സൈന്യത്തിനൊപ്പം പ്രവർത്തിച്ചിരുന്ന തൃശൂർ കുട്ടനെല്ലൂർ സ്വദേശി ബിനിൽ മരണപ്പെട്ടുവെന്ന് വിദേശകാര്യ മന്ത്രാലയം സ്ഥിരീകരിച്ചു. മൃതദേഹം വേഗത്തിൽ നാട്ടിൽ എത്തിക്കുന്ന തിനുള്ള നടപടികൾ ഇന്ത്യൻ എംബസിയുമായി ബന്ധപ്പെട്ട് നോർക്ക ഏകോപിപ്പിക്കും.

RNUTVPM

$$$$$$$$$$$$$$$$$$$$$$$$$$$$$$$

## മഴ

സംസ്ഥാനത്ത് വിവിധയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യത. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകൾക്ക് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നിർദ്ദേശം നൽകി.

$$$$$$$$$$$$$$$$$$$$$$$$$$$$$$$

## ഇടുക്കി - കല്ലാർകുട്ടി ഡാം

ഇടുക്കി കല്ലാർകുട്ടി ഡാമിൽ അറ്റകുറ്റപ്പണി നടക്കുന്നതിനാൽ പെരിയാറിലൂടെയും പെരിയാർ വാലി കനാലിലൂടെയും എത്തുന്ന ചെളി കലർന്ന വെള്ളം ഒഴുക്കി വിടുന്നതിന് ഭൂതത്താൻ കെട്ട് ബാരേജിൻറെ ഷട്ടറുകൾ ഉയർത്തി കൂടുതൽ വെള്ളം പുറത്തു വിടും. അതിനാൽ പെരിയാറിന്റെ ഇരുകര കളിലുള്ളവർ ജാഗ്രത പാലിക്കണമെന്ന് എറണാകുളം ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## യുവജന ദിനാഘോഷം

സംസ്ഥാന യുവജന കമ്മിഷൻറെ ആഭിമുഖ്യത്തിൽ സംഘടിപ്പി ക്കുന്ന ദേശീയ യുവജന ദിനാഘോഷം നാളെ മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരം, തൈക്കാട് ഗവൺമെൻറ് ആർട്സ് കോളേജിലാണ് പരിപാടി. യുവജന കമ്മീഷൻ സംസ്ഥാനതലത്തിൽ പ്രസംഗ മത്സരത്തിൻറെയും ചെസ്സ് മത്സരത്തിൻറെയും വിജയികൾക്കുള്ള സമ്മാനദാനവും, കലാപരിപാടികളും സംഘടിപ്പിക്കും.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## കേരളം കലാകേന്ദ്രം പുരസ്കാരങ്ങൾ

കേരള കലാക്രേന്ദ്രം, മാധവിക്കുട്ടി- കമലാ സുരയ്യ ചെറുകഥ പുരസ്ക്കാരങ്ങളും, ഷോർട്ട് ഫിലിം, ഡോക്യുമെൻ്ററി പുരസ്ക്കാരങ്ങളും നാളെ വൈകിട്ട് തിരുവനന്തപുരത്തു സമ്മാനിക്കും. മന്ത്രി റോഷി അഗസ്റിൻ ചടങ്ങു് ഉദ്ഘാടനം ചെയ്യും.

RNU TVPM

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## വീട്ടമ്മ മരിച്ചു

കൊല്ലം കടയ്ക്കലിൽ പൊള്ളലേറ്റ് ചികിത്സയിലായിരുന്ന വീട്ടമ്മ മരിച്ചു. മണലുവട്ടം സ്വദേശിനി പ്രമിതയാണ് മരിച്ചത്. ഇന്നലെ വീട്ടുപരിസരത്തെ കരിയില തീയിട്ടതിൽനിന്ന് വസ്ത്രത്തിൽ തീപടർന്ന് പൊള്ളലേൽക്കുകയായിരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലിരിക്കെയാണ് മരിച്ചത്.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## കോഴിക്കോട് - റോഡ്

കോഴിക്കോട് ജില്ലയിലെ സ്കൂളുകൾക്കു മുന്നിലൂടെ കടന്നു പോവുന്ന പ്രധാന റോഡുകളിലൂടെ വാഹനങ്ങൾ അമിത വേഗത്തിൽ പോകുന്നത് ഒഴിവാക്കാൻ റോഡുകളിൽ വേഗത നിയന്ത്രിക്കുന്നതിനായുള്ള സ്പീഡ്

ബ്രെയ്ക്കറുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാൻ ജില്ലാ റോഡ് സുരക്ഷ കൗൺസിൽ ചെയർമാൻ കൂടിയായ ജില്ലാ കലക്ടർ ബന്ധപ്പെട്ട ഏജൻസികൾക്ക് നിർദ്ദേശം നൽകി.

$$$$$$$$$$$$$$$$$$$$$$$$$$$$$$$

## പരവൂർ ട്രെയിൻ സ്റ്റോപ്പ്

പുനലൂർ കന്യാകുമാരി പാസഞ്ചർ ട്രെയിനിന് പരവൂരിൽ സ്റ്റോപ്പ് അനുവദിക്കാൻ റെയിൽവേ ബോർഡ് തീരുമാനിച്ചതായി എൻ. കെ. പ്രേമചന്ദ്രൻ എം പി. കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവിന് ഇത് സംബന്ധിച്ച് നിവേദനം നൽകുകയും, ചർച്ച നടത്തുകയും ചെയ്തിരുന്നു. അടുത്ത ദിവസങ്ങളിൽ തന്നെ സ്റ്റോപ്പ് പ്രാബല്യത്തിൽ വരുത്തി, റെയിൽവേ ഉത്തരവ് പുറപ്പെടുവിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഉത്തരവ് പ്രകാരമുള്ള തീയതി മുതൽ സ്റ്റോപ്പ് പ്രാബല്യത്തിൽ വരുമെന്നും എംപി അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$$
$$$$$$$$$

RNUTVPM